**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1841** **31-08-2022 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിൽ ബോട്ട് സർവീസ് കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ, പ്രത്യേകിച്ച് കൈനകരി ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ ജനങ്ങൾ വൻതോതിൽ ആശ്രയിക്കുന്ന ബോട്ട് സർവീസ് കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടി എന്തെല്ലാമാണ്; വ്യക്തമാക്കുമോ; | (എ) | കുട്ടനാട്ടിൽ അധിവസിക്കുന്ന ജനങ്ങൾക്ക് ചെലവു കുറഞ്ഞ യാത്രാ മാർഗ്ഗം ഏർപ്പെടുത്തുന്നതിനായി ആലപ്പുഴ, നെടുമുടി, പുളിങ്കുന്ന്, കാവാലം, എടത്വ, ചങ്ങനാശ്ശേരി എന്നീ സ്റ്റേഷൻ ഓഫീസുകൾ കേന്ദ്രീകരിച്ച് 22 ബോട്ടു സർവ്വീസുകളിലായി ദിനംപ്രതി 110 ട്രിപ്പുകൾ ജലഗതാഗത വകുപ്പ് നടത്തിവരുന്നു. കൂടാതെ ഇന്ത്യയിലെ പ്രഥമ സംരംഭമായ വാട്ടർ ടാക്സി ആലപ്പുഴയിലെ മുഹമ്മയിൽ നിന്നും സർവ്വീസ് നടത്തിവരുന്നു. എല്ലാവിധ ആധുനിക സൗകര്യങ്ങളോടു കൂടിയ റെസ്ക്യൂ ആന്റ് ഡൈവ് ബോട്ട്, ആംബുലൻസ് സർവ്വീസ് എന്നിവ 24 മണിക്കൂറും സജ്ജമാക്കിയിട്ടുണ്ട്. നിലവിൽ എല്ലാ സർവ്വീസുകളും മുടക്കമില്ലാതെ നടത്തുന്നുണ്ട്. കൂടുതൽ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കാലപ്പഴക്കം ചെന്ന ബോട്ടുകൾ സർവ്വീസിൽ നിന്നും പിൻവലിച്ച് അത്യാധുനികരീതിയിലുള്ള ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി തടി ബോട്ടുകൾക്ക് പകരം സ്റ്റീൽ, കാറ്റാമറൈൻ ഫൈബർ ബോട്ടുകൾ വകുപ്പ് ഉപയോഗിച്ച് വരുന്നു. ഇന്ത്യയിലെ പ്രഥമ സംരംഭമായ സോളാർ ബോട്ട് "ആദിത്യ"യുടെ സർവ്വീസ് വിജയകരമായതിനെ തുടർന്ന് ഇത്തരത്തിലുള്ള സോളാർ ബോട്ടുകളും ആധുനിക സജ്ജീകരണങ്ങളോടു കൂടിയ കാറ്റമറൈൻ ബോട്ടുകളും, വെള്ളപ്പൊക്ക സമയത്ത് മറ്റ് ബോട്ടുകൾക്ക് എത്തപ്പെടാൻ കഴിയാത്ത സ്ഥലങ്ങളിൽ എത്തി രക്ഷാ പ്രവർത്തനം നടത്തുന്നതിനായി രൂപ കൽപന ചെയ്ത ഡിങ്കി ബോട്ടുകളും കുട്ടനാട് മേഖലയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ബോട്ടപകടങ്ങൾ ഒഴിവാക്കുന്നതിനും സുരക്ഷ ഉറപ്പുവരുത്തുന്നതിലേക്കായി കേരള |

| | | | |
|---|---|---|---|
| | | | ഇൻലാന്റ് വെസൽ റൂൾ 2010 അനുശാസിക്കുന്ന എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും ബോട്ടുകളിൽ പാലിച്ചുവരുന്നു. യാത്രാക്കാർക്കും ജീവനക്കാർക്കുമായി ജീവൻ രക്ഷാ ഉപകരണങ്ങളായ ലൈഫ് ജാക്കറ്റുകൾ, ലൈഫ് ബോയ, ബോയന്റ് അപ്പാരറ്റസ്, ഫയർ എക്സ്റ്റിങ്ക്യൂഷർ എന്നിവ എല്ലാ ബോട്ടുകളിലും സജ്ജീകരിച്ചിട്ടുണ്ട്. |
| (ബി) | ജല ഗതാഗത വകുപ്പിന്റെ സർവീസ് ബോട്ടുകൾ കൃത്യമായി അറ്റകുറ്റപ്പണികൾ നടത്തുന്നതിനും കാലപ്പഴക്കം ചെന്നവ മാറ്റി പുതിയ ബോട്ടുകൾ നീറ്റിലിറക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | സർവ്വീസ് ബോട്ടുകളുടെ അറ്റകുറ്റപണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനു വേണ്ട ഭൗതിക സംവിധാനങ്ങൾ ഡോക്കിൽ ലഭ്യമാണ്. ഏഴ് ബോട്ടുകൾ ഒരേ സമയം കരയ്ക്കു കയറ്റാനാകുന്ന സ്ലിപ് വേ സംവിധാനം, നാല് ബോട്ടുകൾ കയറ്റാനാകുന്ന ഡ്രൈഡോക്ക് സംവിധാനം എന്നിവ റിപ്പയർ വിഭാഗത്തിന് നിലവിൽ ഉണ്ട്. ഇവ ഉപയോഗിച്ച് ടി ബോട്ടുകളുടെ അറ്റകുറ്റപണികൾ നടത്തിവരുന്നു. കാലപ്പഴക്കം ചെന്ന ബോട്ടുകൾ സർവ്വീസിൽ നിന്നും പിൻവലിച്ച് അത്യാധുനികരീതിയിലുള്ള ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി തടി ബോട്ടുകൾക്ക് പകരം സ്റ്റീൽ, കാറ്റാമറൈൻ ഫൈബർ ബോട്ടുകൾ വകുപ്പ് ഉപയോഗിച്ച് വരുന്നു. സോളാർ ബോട്ടുകളും ആധുനിക സജ്ജീകരണങ്ങളോടു കൂടിയ കാറ്റമറൈൻ ബോട്ടുകളും, വെള്ളപ്പൊക്ക സമയത്ത് മറ്റ് ബോട്ടുകൾക്ക് എത്തപ്പെടാൻ കഴിയാത്ത സ്ഥലങ്ങളിൽ എത്തി രക്ഷാ പ്രവർത്തനം നടത്തുന്നതിനായി രൂപ കൽപന ചെയ്ത ഡിങ്കി ബോട്ടുകളും ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ജലഗതാഗതം കൂടുതൽ ജന സൗഹൃദമാക്കുന്നതിനും വിനോദസഞ്ചാരമുൾപ്പെടെയുള്ള മേഖലയ്ക്ക് സഹായകരമാകുന്നതിനും പുതുതായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ? | (സി) | ആലപ്പുഴ ജില്ലയിലെ കനാലുകളുടെ സൗന്ദര്യം ആസ്വദിച്ചുകൊണ്ട്, പാതിരാമണൽ ദ്വീപ്, കുമരകം, എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനും കുറഞ്ഞ ചിലവിൽ സുരക്ഷിത യാത്ര ഒരുക്കുന്നതിനുമായി ആലപ്പുഴ – കുമരകം റൂട്ടിൽ 120 പാസഞ്ചർ കപ്പാസിറ്റിയുള്ള കാറ്റമറൈൻ ബോട്ട് ഉപയോഗിച്ച് പാസഞ്ചർ-കം- ടൂറിസ്റ്റ് സർവ്വീസ് നടത്തിവരുന്നു. ടി ബോട്ടിൽ 40 എ.സി സീറ്റുകളും 80 നോൺ എ.സി സീറ്റുകളും ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ ഇന്ത്യയിലെ പ്രഥമ സംരംഭമായ വാട്ടർ ടാക്സി ആലപ്പുഴയിലെ മുഹമ്മയിൽ നിന്നും സർവ്വീസ് നടത്തിവരുന്നു. ഇത്തരത്തിൽ ടൂറിസം കേന്ദ്രീകരിച്ച് കൂടുതൽ സർവ്വീസുകൾ നടത്തുന്നതിന് വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ആധുനിക സൗകര്യങ്ങളോടു കൂടിയ ബോട്ടുകൾ സീ കുട്ടനാട് സർവ്വീസ് നടത്തുന്നതിനായി ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചിട്ടുണ്ട്. 30 പാസഞ്ചർ കപ്പാസിറ്റിയുള്ള സൗരോർജ്ജ ബോട്ടുകൾ കുട്ടനാടിന്റെ വിവിധ പ്രദേശങ്ങളിൽ സർവ്വീസ് നടത്തുന്നതിനായി നിർമ്മാണം പൂർത്തിയായി വരുന്നു. |

സെക്ഷൻ ഓഫീസർ